# ഗ്രാമവികസന കമ്മീഷണറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

(ഹാജർ : അജിത് ദാസ്.എ)

ഗ്രാമവികസന വകുപ്പ്-ജീവനക്കാര്യം-കുന്നുമ്മൽ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിലെ സീനിയർ ക്ലാർക്ക് ശ്രീ. സക്കറിയ.വി.വി യെ ക്ലാർക്ക് തസ്തികയിലേയ്ക്ക് റിവർട്ട് ചെയ്തും ക്ലാർക്കുമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തിയും ഉത്തരവാകുന്നു.

**ഉത്തരവ് നം. 2728/എസ്റ്റാ. സി.3/2016/സിആർഡി (1)** **തീയതി : 03.05.2019**

പരാമർശം :- 1) ജി.ഒ(ആർ.റ്റി) നം. 1051/2004/എൽ.എസ്.ജി.ഡി തീയതി 19-03-2004
2) ജി.ഒ(ആർ.റ്റി)നം. 793/2009/എൽ.എസ്.ജി.ഡി തീയതി 28-03-2009
3) ഈ ഓഫീസിലെ 28-06-2014 തീയതിയിലെ 24520/എസ്റ്റാ. സി3/ 2006/സിആർഡി നമ്പർ ഉത്തരവ്.
4) കോഴിക്കോട് ജില്ലാ കളക്ടറുടെ 08-08-2013 ലെ ആർഡി2/81/2013 നമ്പർ ഉത്തരവ്.
5) ഈ ഓഫീസിലെ 30-05-2016 ലെ 7480/എസ്റ്റാ. സി3/2015/ സിആർഡി നമ്പർ ഉത്തരവ്.

## ഉത്തരവ്

ഗ്രാമവികസന വകുപ്പിൽ കോഴിക്കോട് ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമിക്കപ്പെടുന്നതിന് കോഴിക്കോട് ജില്ലാ പി.എസ്.സി ഓഫീസ് മുഖാന്തിരം 23-01-2004 -ൽ നിയമന ശിപാർശ ചെയ്യപ്പെട്ട ശ്രീ. സക്കറിയ.വി.വി, 10-03-2004 -ൽ കുന്നുമ്മൽ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിൽ ടി തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു. ക്ലാർക്ക് തസ്തികയിലെ നിരീക്ഷണകാലം പൂർത്തിയാക്കുന്നതിന് മുമ്പ് പരാമർശം (1), (2) സർക്കാർ ഉത്തരവുകൾ പ്രകാരം KSR Part I, App. XII-A യിലെ നിബന്ധനകൾക്ക് വിധേയമായി 10 വർഷത്തെ ശൂന്യവേതനാവധിയിൽ പ്രവേശിച്ച ടിയാൻ പ്രസ്തുത അവധിയുടെ വിനിയോഗിക്കാത്ത ഭാഗം റദ്ദ് ചെയ്ത് 16-05-2011 പൂർവ്വാഹ്നത്തിൽ ക്ലാർക്ക് തസ്തികയിൽ പുതിയതായി ജോലിയിൽ പുനഃപ്രവേശിക്കുകയും ടിയാന്റെ ക്ലാർക്ക് തസ്തികയിലെ നിരീക്ഷണകാലം 16-05-2013 പൂർവ്വാഹ്നം മുതൽ പ്രാബല്യത്തിൽ പൂർത്തീകരിച്ച് പരാമർശം (4) പ്രകാരം ഉത്തരവാകുകയും ചെയ്തു. പി.എസ്.സി യുടെ നിയമന ശിപാർശ തീയതിയായ 23-01-2004 മുതൽ പ്രാബല്യത്തിൽ സീനിയോറിറ്റി പരിഗണിച്ച് ഈ ഓഫീസിലെ പരാമർശം (3) ഉത്തരവ് പ്രകാരം 22-07-2013 മുതൽ പ്രാബല്യത്തിൽ ടിയാനെ സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി നിയമിക്കുകയും ടിയാൻ നിലവിൽ അതേ തസ്തികയിൽ തുടരുകയും ചെയ്യുന്നു.

(മറുപുറം)

നിരീക്ഷണ കാലം പൂർത്തിയാക്കുന്നതിന് മുമ്പ് KSR, Part I, App. XII-A/B/C യിലെ നിബന്ധനകൾക്ക് വിധേയമായി ശൂന്യവേതനാവധിയിൽ പ്രവേശിക്കുന്നവർക്ക് പിന്നീട് സർവ്വീസിൽ പുതിയതായി പ്രവേശിക്കുന്നതിനുള്ള അവകാശം മാത്രമേയുള്ളൂ എന്നതിനാൽ ശൂന്യവേതനാവധി റദ്ദ് ചെയ്ത് ടിയാൻ ജോലിയിൽ പുതിയതായി പ്രവേശിച്ച 16-05-2011 തീയതി മുതൽ മാത്രമേ ടിയാന്റെ ക്ലാർക്ക് തസ്തികയിലെ സീനിയോരിറ്റിക്ക് പ്രാബല്യമുള്ളൂ എന്ന വസ്തുത പരിഗണിക്കാതെ പരാമർശം (3) ഉത്തരവ് പ്രകാരം സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് ടിയാന് സ്ഥാനക്കയറ്റം നൽകിയ നടപടി ചട്ടപ്രകാരം നിലനിൽക്കുന്നതല്ല.

ഈ സാഹചര്യത്തിൽ ഈ ഓഫീസിലെ പരാമർശം (3) പ്രകാരം ശ്രീ. സക്കറിയ.വി.വി യെ സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി നിയമിച്ച നടപടി റദ്ദ് ചെയ്തും ടിയാനെ മുൻ തസ്തികയായ ക്ലാർക്ക് തസ്തികയിലേയ്ക്ക് റിവർട്ട് ചെയ്തും ഇതിനാൽ ഉത്തരവാകുന്നു. കൂടാതെ ശൂന്യ വേതനാവധി റദ്ദ് ചെയ്ത് ടിയാൻ ജോലിയിൽ പുതിയതായി പ്രവേശിച്ച 16-05-2011 തീയതി മുതൽ സീനിയോരിറ്റി പരിഗണിച്ച് ഈ ഓഫീസിലെ പരാമർശം (5) പ്രകാരമുള്ള ഉത്തരവിനോട് അനുബന്ധമായി ചേർത്തിട്ടുള്ള ക്ലാർക്കുമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ ക്രമ നമ്പർ 547 ആയ ശ്രീ. ശിവദാസൻ.എം.വി യ്ക്ക് തൊട്ടുതാഴെയും 548 ആയ ശ്രീ. രാമകൃഷ്ണൻ.സി.പി യ്ക്ക് തൊട്ടുമുകളിലുമായി ടിയാന്റെ ക്ലാർക്ക് തസ്തികയിലെ സീനിയോരിറ്റി നമ്പർ 547 എ എന്ന് നിർണ്ണയിച്ചും ഇതിനാൽ ഉത്തരവാകുന്നു.

ശ്രീ. സക്കറിയ.വി.വി-യെ ക്ലാർക്ക് തസ്തികയിലേയ്ക്ക് റിവർട്ട് ചെയ്തത് സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ ബന്ധപ്പെട്ട ഓഫീസ് മേധാവി ടിയാന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

(ഒപ്പ്)
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ്

ശ്രീ. സക്കറിയ.വി.വി (ഓഫീസ് മേലധികാരി മുഖേന)

പകർപ്പ് :-

1) എല്ലാ പ്രോജക്ട് ഡയറക്ടർമാർക്കും
2) എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
3) എല്ലാ ഇ.റ്റി.സി പ്രിൻസിപ്പാൾമാർക്കും
4) ഗ്രാമവികസന കമ്മീഷണറുടെ സി.എ യ്ക്ക്
5) പി ആന്റ് എം സെക്ഷൻ, സിആർഡി (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )
6) ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻപ്രകാരം

3/8/19

ജൂനിയർ സൂപ്രണ്ട്

വിഎസ് 2519